# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*376 | 24.08.2017-ൽ മറുപടിയ്ക്ക്

## സ്വന്തം ആവശ്യങ്ങൾക്കായി മരങ്ങൾ മുറിക്കുവാൻ അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.പി.വി.അൻവർ | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) തലമുറകളായി ആദിവാസികൾ നട്ടുവളർത്തിയതോ പരിപാലിച്ചു വരുന്നവയോ ആയ ആഞ്ഞിലി, പ്ലാവ് തുടങ്ങിയ മരങ്ങൾ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്വന്തം ആവശ്യങ്ങൾക്കായി മുറിച്ച് ഉപയോഗിക്കാൻ അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്; സർക്കാർ ഉത്തരവ് (കൈ)നം.28/2017/വനം തീയതി 27.05.2017-യിൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരം സ്വന്തം ആവശ്യങ്ങൾക്കായി ഗിരിജൻ സെറ്റിൽമെന്റുകളിൽ നിൽക്കുന്ന ആഞ്ഞിലി, പ്ലാവ് തുടങ്ങിയ മരങ്ങൾ ആദിവാസികൾക്ക് മുറിച്ച് ഉപയോഗിക്കാവുന്നതാണ്. ഇതിന് അനുവാദം നൽകാനുള്ള ഓതറൈസ്ഡ് ഓഫീസറായി അതാത് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) മേൽപ്പറഞ്ഞ പ്രകാരം മരങ്ങൾ മുറിച്ച് ഉപയോഗിക്കുന്നതിന് അനുവാദം നൽകുന്നത് ആദിവാസി വിഭാഗത്തിന് ഇത്തരം മരങ്ങൾ കൂടുതൽ വെച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനമേകും എന്നതിനാൽ ഇതിനുള്ള നടപടിക്രമങ്ങൾ | (ബി) മുറിക്കുന്നതിന്റെ അതേ ഇനത്തിലോ അല്ലാത്തതോ ആയ ഇരട്ടി എണ്ണം മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും, അപ്രകാരം നട്ടുപിടിപ്പിച്ചു എന്ന് ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥ 27.05.2017-ലെ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദിവാസികളുടെ അവകാശങ്ങളും, പ്രകൃതി സംരക്ഷണത്തിന്റെ |

| | |
|---|---|
| ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ? | ആവശ്യകതയും, ആദിവാസികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനും വേണ്ടിയാണ് പ്രസ്തുത ഉത്തരവിൽ നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. മരം മുറിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ